# CAREER Updates
# പത്രവൃത്താന്തം

**27.06.2024**
**(വ്യാഴം)**



- ➪ 2024 ജൂണിൽ പെൻ പിന്റർ പുരസ്കാരത്തിന് അർഹയായത്
- ✔ **അരുന്ധതി റോയ്**

- നാടകകൃത്തും നൊബേൽ സമ്മാന ജേതാവുമായ ഹരോൾഡ് പിന്ററിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പെൻ പിന്റർ പുരസ്കാരം 2009 മുതലാണ് നൽകിത്തുടങ്ങിയത്. യു.കെ., റിപ്പബ്ലിക്ക് ഓഫ് അയർലന്റ്, കോമൺവെൽത്ത് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള സാഹിത്യകാർക്കാണ് പെൻ പിന്റർ പുരസ്കാരം നൽകുന്നത്.
- മിഷേൽ റോസെൻ, മലോറി ബ്ലാക്മാൻ, മാർഗ്രറ്റ് ആറ്റ്വുഡ്, സൽമാൻ റുഷ്ദി എന്നിവരാണ് അരുന്ധതി റോയ്ക്കുമുമ്പ് പെൻ പിന്റർ പുരസ്കാരം നേടിയത്.

- ➪ 2024 ജൂണിൽ നാറ്റോയുടെ പുതിയ സെക്രട്ടറി ജനറലായി പ്രഖ്യാപിക്കപ്പെട്ട നെതർലന്റിന്റെ പ്രധാനമന്ത്രി
- ✔ **മാർക്ക് റുട്ടെ**
- 10 വർഷമായി നാറ്റോയുടെ സെക്രട്ടറി ജനറൽ സ്ഥാനം വഹിക്കുന്ന ജെൻസ് സ്റ്റോൾട്ടെൻ ബെർഗിന്റെ പിൻഗാമിയായാണ് മാർക്ക് റുട്ടെ സ്ഥാനമേൽക്കുന്നത്.
- ➪ രാജ്യാന്തര ബഹിരാകാശ നിലയത്തിലേക്കുപോയ ബോയിങ് സ്റ്റാർലൈനർ പേടകത്തിന് കേടുപറ്റിയതിനാൽ ബഹിരാകാശ നിലയത്തിൽ കുടുങ്ങിയ ഇന്ത്യൻ വംശജയായ ബഹിരാകാശ സഞ്ചാരി
- ✔ **സുനിത വില്യംസ്**
- ➪ 2024 ജൂണിൽ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടിക്കിട്ടിയ കേരളത്തിലെ പോലീസ് മേധാവി
- ✔ **ഷെയ്ഖ് ദർവേസ് സാഹിബ്**

- ➪ 2024 ജൂണിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്സിന്റെ ചെയർമാനായി വീണ്ടും നിയമിതനായ വ്യക്തി
- ✔ **സാം പിത്രോഡ**
- ➪ 2024 ജൂണിൽ സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ സമഗ്ര സംഭാവനാ പുരസ്കാരം നേടിയ നാടകകൃത്ത്
- ✔ **സി.എൽ. ജോസ്**
- ➪ 2024 ജൂണിൽ പുറത്തിറങ്ങിയ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ ട്വന്റി-20 ബാറ്റർമാരുടെ റാങ്കിംഗിൽ ഇന്ത്യൻ താരം സൂര്യകുമാർ യാദവിനെ മറികടന്ന് ഒന്നാം സ്ഥാനം നേടിയ ആസ്ട്രേലിയൻ താരം
- ✔ **ട്രാവിസ് ഹെഡ്**
- ➪ 2024-ലെ പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ ഹോക്കി ടീമിന്റെ നായകൻ
- ✔ **ഹർമൻപ്രീത് സിങ്**
- മധ്യനിര താരം ഹാർദ്ദിക് സിങ് ആണ് പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ ഹോക്കി ടീമിന്റെ വൈസ് ക്യാപ്റ്റൻ. 16 അംഗ ടീമിൽ മലയാളി താരം പി.ആർ. ശ്രീജേഷും ഉൾപ്പെട്ടിട്ടുണ്ട്. ശ്രീജേഷിന്റെ നാലാം ഒളിമ്പിക്സാണ് 2024-ലേത്.

CAREER GUIDANCE BUREAU

**കരിയർ ഗൈഡൻസ് ബ്യൂറോ**
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999